# കേരള കൃഷി വകുപ്പ്
## ദർഘാസ് പരസ്യം

എ.ഇ (3)930/2017 തീയതി : 02.08.2017

കേരള ഗവർണ്ണർക്കു വേണ്ടി തിരുവനന്തപുരം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെപ്പറയുന്ന പ്രവൃത്തിയ്ക്ക് നിശ്ചിത യോഗ്യതയുള്ള പി.ഡബ്ള്യു.ഡി. അംഗീകൃത കരാറുകാരിൽ നിന്നും മത്സര സ്വഭാവമുള്ള ദർഘാസുകൾ മുദ്രവച്ച കവറുകളിൽ ക്ഷണിച്ചുകൊള്ളുന്നു. കവറിന്റെ പുറത്ത് പ്രവൃത്തിയുടെ പേര് എഴുതിയിരിക്കേണ്ടതാണ്. ദർഘാസുകൾ 10.08.2017 രാവിലെ 11.30 മണി വരെ ഈ ഓഫീസിൽ സ്വീകരിക്കുന്നതും, അന്നേ ദിവസം ഉച്ചയ്ക്ക് 12.00-ന് ഹാജരുള്ള കരാറുകാരുടേയോ അവർ രേഖാമൂലം അധികാരപ്പെടുത്തുന്ന ഏജന്റുമാരുടേയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. പ്രസ്തുത ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമായി വന്നാൽ അടുത്ത പ്രവൃത്തി ദിവസം മുകളിൽ പറഞ്ഞ വ്യവസ്ഥയിലും സമയത്തും ദർഘാസുകൾ സ്വീകരിക്കുന്നതും തുറക്കുന്നതുമാണ്. പ്രവൃത്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

| പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | നിരതദ്രവ്യം | ദർഘാസ് ഫോറത്തിന്റെ വില | പണി തീർക്കേണ്ട സമയം |
|---|---|---|---|---|
| ***Farmers Day Celebration 2017 at Tagore Theatre, Thiruvananthapuram*** | | | | |
| **1) Providing Exhibition stall and other facilities** | **5,00,000/-** | **12,500/-** | **1000+18%GST** | **5 days** |
| **2) Providing publicity and amenities** | **5,00,000/-** | **12,500/-** | **1000+18%GST** | **5 days** |
| **3) Providing pandal and other infrastructure works** | **5,00,000/-** | **12,500/-** | **1000+18%GST** | **5 days** |

ദർഘാസ് പ്രമാണം തിരുവന്തപുരം ആനയറയിലുള്ള കൃഷി അസിസ്റ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കാര്യാലയത്തിൽ നിന്നും അന്നേ ദിവസം 10.30 മണി വരെ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ സമർപ്പിക്കേണ്ടതും, നിശ്ചിത തുക വില്പന നികുതി അടക്കം ഈ ഓഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ദർഘാസ് പ്രമാണത്തിന്റെ വില യാതൊരു കാരണവശാലും മടക്കി കൊടുക്കുന്നതല്ല. ദർഘാസ് പ്രമാണം അംഗീകൃത കരാറുകാർക്കു മാത്രം നൽകുന്നതും ആയത് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) തിരുവനന്തപുരം എന്ന പേരിൽ അടച്ച നിശ്ചിത തുകയുടെ ബാങ്ക് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസിനോടൊപ്പം **200/-** രൂപ മുദ്രപത്രത്തിൽ പ്രിലിമിനറി എഗ്രിമെന്റ് നിശ്ചിത ഫോറത്തിൽ സമർപ്പിക്കേണ്ടതാണ്. പൊതുമരാമത്തു വകുപ്പിലെ ദർഘാസിനെ സംബന്ധിക്കുന്ന എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
(കൃഷി) തിരുവനന്തപുരം.

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ്
എഞ്ചിനീയറുടെ കാര്യാലയം,
വേൾഡ് മാർക്കറ്റ്, വെൺപാലവട്ടം
ആനയറ.പി.ഒ, തിരുവനന്തപുരം.
തീയതി: 02.08.2017